## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.8095 17.07.2014-ൽ മറുപടിക്ക്

### ദന്തരോഗങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഹംസ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ദന്തരോഗങ്ങൾ ക്രമാതീതമായി വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം എന്താണ് എന്ന് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ; | (എ) ഉണ്ട്. ആഹാരരീതികളിലും ജീവിതശൈലികളിലും വന്നിട്ടുള്ള മാറ്റങ്ങളാണ് പ്രധാന കാരണങ്ങൾ. സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളിലും യുവജനങ്ങളിലും കണ്ടുവരുന്ന വർദ്ധിച്ച തോതിലുള്ള അടയ്ക്ക ഉൽപ്പന്നങ്ങളുടെ ഉപയോഗം, ഫാസ്റ്റ് ഫുഡ് സംസ്കാരം തുടങ്ങിയവയും ദന്തരോഗങ്ങൾ വർദ്ധിക്കുന്നതിന് കാരണമാണ്. കോഴിക്കോട് ദന്തൽ കോളേജിലും, തിരുവനന്തപുരം ദന്തൽ കോളേജിലും ഇത് സംബന്ധിച്ച് പല ഗവേഷണങ്ങളും നടത്തിയിട്ടുണ്ട്. കൂടാതെ ചില സർക്കാരിതര സംഘടനകൾ (നോൺ ഗവൺമെന്റ് ഓർഗനൈസേഷൻസ്) ഇത് സംബന്ധിച്ച് പഠനങ്ങൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ദന്തരോഗങ്ങളെക്കുറിച്ചും, ദന്തചികിത്സാ രീതിയെക്കുറിച്ചും കേരളത്തിലുള്ളവർക്ക് അവബോധം വർദ്ധിച്ചു വരുന്നുണ്ട്. ഇതിന് ദന്തൽ കോളേജുകളിൽ നിന്നും ഇതര ചികിത്സാ കേന്ദ്രങ്ങളിൽ നിന്നുമുള്ള ദന്തചികിത്സാ വിദഗ്ധൻമാരുടെ സേവനവും ഉപദേശവും നന്നായി സ്വാധീനം ചെലുത്തിയിട്ടുണ്ട്. |
| (ബി) തൃപ്തികരമായ ദന്തസുരക്ഷ രോഗികൾക്ക് ഉറപ്പാക്കുന്നതിനായി ആശുപത്രികളിൽ നൂതനവും അത്യാധുനികവുമായ ഉപകരണങ്ങൾ സജ്ജീകരിക്കുന്നതിനായി 01.07.2011 മുതൽ 31.03.2014 വരെ എത്ര തുക ചെലവഴിച്ചു; എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി എന്ന് വ്യക്തമാക്കുമോ; | (ബി) ആരോഗ്യ വകുപ്പിൽ പ്രസ്തുത കാലയളവിൽ സംസ്ഥാന പദ്ധതി വിഹിതത്തിൽനിന്ന് 2011-12 സാമ്പത്തിക വർഷം 17,96,960/- രൂപയും (പതിനേഴ് ലക്ഷത്തി തൊണ്ണൂറ്റാറായിരത്തി തൊള്ളായിരത്തി അറുപത് രൂപ), 2012-13 സാമ്പത്തിക വർഷം 25,00,000/-രൂപയും (ഇരുപത്തിയഞ്ച് ലക്ഷം), 2013-14 സാമ്പത്തിക വർഷത്തിൽ 62,57,500/- രൂപയും (അറുപത്തിരണ്ട് ലക്ഷത്തി അൻപത്തിയേഴായിരത്തി അഞ്ഞൂറ് രൂപ) ദന്തഉപകരണങ്ങൾ വാങ്ങുന്നതിനായി ചിലവഴിച്ചിട്ടുണ്ട്. |

| | |
|---|---|
| | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ ദന്തൽ കോളേജുകളിൽ പ്രസ്തുത കാലയളവിൽ 4,52,47,569/-രൂപ (നാല് കോടി അൻപത്തിരണ്ട് ലക്ഷത്തി നാല്പത്തിയേഴായിരത്തി അഞ്ഞൂറ്റി അറുപത്തി ഒൻപത് രൂപ) ദന്തഉപകരണങ്ങൾ വാങ്ങുന്നതിനായി ചിലവഴിച്ചിട്ടുണ്ട്.<br>ബാക്കി തുക സ്കൂൾ ദന്തൽ ക്യാമ്പുകൾ, ജില്ലാതല ബോധവൽക്കരണ പ്രവർത്തനങ്ങൾ, കേടായ ദന്തോപകരണങ്ങളുടെ റിപ്പയർ, ദന്തവിഭാഗം ജീവനക്കാർക്കുള്ള സംസ്ഥാന / ജില്ലാതല പരിശീലനം, എന്നിവയ്ക്കായി അനുവദിച്ചു നൽകിയിട്ടുണ്ട്. ഇതിനുപുറമെ ഓറൽ ക്യാൻസർ സ്ക്രീനിംഗ് പ്രവർത്തനങ്ങൾക്കായി കിറ്റുകൾ വാങ്ങുന്നതിനായി ജില്ലകൾക്ക് അനുവാദം നൽകി. ദന്തചികിത്സക്ക് വേണ്ട ആധുനിക സൗകര്യങ്ങളോടുകൂടിയ ലബോറട്ടറികൾ (8 എണ്ണം) സ്ഥാപിക്കുന്നതിനായി ഉത്തരവ് നൽകി. |
| (സി) സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി.-കളിലും സി.എച്ച്.സി.-കളിലും ദന്തഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) നിലവിൽ സംസ്ഥാനത്തെ സി.എച്ച്.സി-കളിലും, പി.എച്ച്.സി കളിലും ദന്തൽ ഡോക്ടർമാരുടെ തസ്തികകൾ നിലവിലില്ലാത്തതിനാൽ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ